"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥന ഭാഗ്യക്കുറി വകുപ്പ് - കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് - അംഗങ്ങളുടെ യൂണിഫോം വിതരണത്തിനായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.648/2025/TAXES തീയതി,തിരുവനന്തപുരം, 11-07-2025

പരാമർശം:- 1. 29.03.2025-ലെ ജി.ഒ.(ആർ.ടി.) നം.301/2025/ടാക്സസ്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമന്നിധി ബോർഡിലെ അംഗങ്ങളുടെ യൂണിഫോം വിതരണത്തിനായി പരാമർശം പ്രകാരം ₹2,20,00,000/- (രണ്ടുകോടി ഇരുപത് ലക്ഷം രൂപ മാത്രം) 2024-25 സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. എന്നാൽ, സാമ്പത്തിക വർഷാന്ത്യത്തിലെ ട്രഷറി നിയന്ത്രണങ്ങൾ മൂലം 2024-25 സാമ്പത്തിക വർഷവും കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഉത്തരവ് പ്രകാരം അനുവദിച്ച തുക വിതരണം ചെയ്യുന്നതിലുള്ള WaMS clearance സംബന്ധിച്ച സാങ്കേതിക കാരണങ്ങൾ മൂലം നടപ്പ് സാമ്പത്തിക വർഷവും ടി തുക ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിലേയ്ക്ക് വരവാക്കി നല്കുവാൻ കഴിഞ്ഞിരുന്നില്ല.

2. ഈ സാഹചര്യത്തിൽ ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങളുടെ യൂണിഫോം വിതരണത്തിനായി, ₹2,20,00,000/- (രണ്ടുകോടി ഇരുപത് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം 2075-00-103-96-00-10-00-N-V ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽ നിന്നും കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ടി തുക കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ

പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് (Account NO. 799011400004208) വരവാക്കി നല്കേണ്ടതാണ്. തുകയുടെ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമയബന്ധിതമായി സർക്കാരിൽ ലഭ്യമാക്കേണ്ടതും ഇതു സംബന്ധിച്ച അക്കൗണ്ടുകൾ റീകൺസിലിയേഷൻ നടത്തി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ഹെഡ് ഓഫീസ്, തിരുവനന്തപുരം
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
5. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
6. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
7. ധനകാര്യ വകുപ്പ് (02.07.2025-ലെ 2887972/Exp.B1/456/2024-Fin പ്രകാരം)
8. വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂമീഡിയ) വകുപ്പ്
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി (TAXES-H1/226/2024-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 11-07-2025 16:38:36
സെക്ഷൻ ഓഫീസർ